പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 50

Published on 26-09-2021

# 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 50

# 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

1411/2021.

<u>പതിനഞ്ചാം കേരള നിയമസഭ</u>

<u>ബിൽ നമ്പർ 50</u>

# 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

<u>പീഠിക</u>.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ,—

(i) 4-ാം വകുപ്പ് (എ) ഖണ്ഡത്തിലെ (i), (ii), (iv) എന്നീ ഉപഖണ്ഡങ്ങളും (ബി) മുതൽ (എച്ച്) വരെയുള്ള ഖണ്ഡങ്ങളും (ജെ) ഖണ്ഡവും (എൽ) മുതൽ (എൻ) വരെയുള്ള ഖണ്ഡങ്ങളും 2021 ഫെബ്രുവരി 20-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ;

(ii) ശേഷിക്കുന്ന വ്യവസ്ഥകൾ 2021 മാർച്ച് 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. <u>1986-ലെ 31-ാം ആക്റ്റിനുള്ള ഭേദഗതി</u>.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31),—

(എ) 3-ാം വകുപ്പിൽ, (10)-ാം ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"10 എ "അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി" എന്നാൽ 22 എ വകുപ്പ് പ്രകാരമുള്ള അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി എന്നർത്ഥമാകുന്നു;".

(ബി) 16-ാം വകുപ്പിൽ, (ii)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ii എ) അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി;".

(സി) 22-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"22 എ. അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി.—(1) താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) പ്രോ-ചാൻസലർ - ചെയർമാൻ;

(ബി) വൈസ്-ചാൻസലർ - അംഗം;

(സി) പ്രോ-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന നിയമംമൂലം സ്ഥാപിതമായ മറ്റ് സർവ്വകലാശാലകളിലെ വൈസ്-ചാൻസലർമാർ - അംഗം;

(ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി.

(2) ചെയർമാൻ തീരുമാനിക്കുന്ന പ്രകാരം അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി യോഗം ചേരേണ്ടതാണ്.

(3) സർക്കാരിനെയും സർവ്വകലാശാലയെയും പരസ്പരം ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച്, സർക്കാർ തലത്തിൽ പരിഹരിക്കേണ്ട കാര്യങ്ങൾ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി പരിഗണിക്കേണ്ടതാണ്.".

(ഡി) 30-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"30. അപ്പലേറ്റ് ട്രൈബ്യൂണൽ.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17) 65-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതൊരു കാര്യത്തിന്മേലുമുള്ള തർക്കം തീർപ്പാക്കുന്നതിനുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കേണ്ടതാണ്.".

3. <u>2013-ലെ 24-ാം ആക്റ്റിനുള്ള ഭേദഗതി</u>.—2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24),—

(എ) 2-ാം വകുപ്പിൽ (ജെ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജെഎ) "അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി" എന്നാൽ 15 <u>എ</u> വകുപ്പ് പ്രകാരമുള്ള അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി എന്നർത്ഥമാകുന്നു;".

(ബി) 8-ാം വകുപ്പിൽ (ii)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ii എ) അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ;".

(സി) 15-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"15 <u>എ</u>. <u>അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി</u>.—(1) താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

| | |
|---|---|
| (എ) പ്രോ-ചാൻസലർ | - ചെയർമാൻ; |
| (ബി) വൈസ്-ചാൻസലർ | - അംഗം; |
| (സി) പ്രോ-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന നിയമംമൂലം സ്ഥാപിതമായ മറ്റ് സർവ്വകലാശാലകളിലെ വൈസ്-ചാൻസലർമാർ | - അംഗം; |
| (ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള | - ഗവൺമെന്റ് സെക്രട്ടറി. |

(2) ചെയർമാൻ തീരുമാനിക്കുന്ന പ്രകാരം അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി യോഗം ചേരേണ്ടതാണ്.

(3) സർക്കാരിനെയും സർവ്വകലാശാലയെയും പരസ്പരം ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച്, സർക്കാർ തലത്തിൽ പരിഹരിക്കേണ്ട കാര്യങ്ങൾ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി പരിഗണിക്കേണ്ടതാണ്.".

(ഡി) 23-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"23 എ. അപ്പലേറ്റ് ട്രൈബ്യൂണൽ.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17) 65-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതൊരു കാര്യത്തിന്മേലുമുള്ള തർക്കം തീർപ്പാക്കുന്നതിനുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കേണ്ടതാണ്.".

4. 2015-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകാലാശാല ആക്റ്റിൽ (2015-ലെ 17),—

(എ) 2-ാം വകുപ്പിൽ,—

(i) (ഐ) ഖണ്ഡത്തിൽ,—

(എ) "പഠനശാഖ" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ പ്രോഗ്രാം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "പ്രത്യേക പഠന കോഴ്സ്" എന്നീ വാക്കുകൾക്കുപകരം "പഠനശാഖ അല്ലെങ്കിൽ പ്രോഗ്രാം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (പി) ഖണ്ഡത്തിൽ,—

(എ) "എഞ്ചിനീയറിംഗ് കോഴ്സ്" എന്നീ വാക്കുകൾക്കുശേഷം "അല്ലെങ്കിൽ കോഴ്സ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) "പഠന കോഴ്സ്" എന്നീ വാക്കുകൾക്കുപകരം "എഞ്ചിനീയറിംഗ് കോഴ്സ് അല്ലെങ്കിൽ കോഴ്സ് " എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (വി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

“(വിഎ) "അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി" എന്നാൽ 26 എ വകുപ്പ് പ്രകാരമുള്ള അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി എന്നർത്ഥമാകുന്നു;”;

(iv) (ഇസഡ് ക്യൂ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

“(ഇസഡ് ക്യൂഎ) "യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ" എന്നാൽ 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്റ്റ് (1956-ലെ 3-ാം കേന്ദ്ര ആക്റ്റ്) പ്രകാരം സ്ഥാപിതമായ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്നർത്ഥമാകുന്നു;”.

(ബി) 5-ാം വകുപ്പിൽ,—

(i) (ജി) ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

“(ജി) വിവിധ പ്രോഗ്രാമുകളിലെ കോഴ്സുകളിലും അതുമായി ബന്ധപ്പെട്ട മേഖലകളിലും ഇന്റർ ഡിസിപ്ലിനറി, മൾട്ടി ഡിസിപ്ലിനറി അല്ലെങ്കിൽ ഇൻട്രാ ഡിസിപ്ലിനറി വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക;”;

(ii) (പി) ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

“(ക്യൂ) എഞ്ചിനീയറിംഗ് കോളേജിൽ നൂതന ആശയങ്ങൾ, ബിസിനസ് ഇൻക്യൂബേഷൻ, തൊഴിൽശേഷി വികസനം എന്നിവ പ്രോത്സാഹിപ്പിക്കുക.”.

(സി) 8-ാം വകുപ്പിൽ, (v)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

“ (v എ) സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യുന്നതിനും അഫിലിയേറ്റ് ചെയ്ത ഒരു കോളേജോ സ്ഥാപനമോ നടത്തുന്ന പ്രോഗ്രാമുകൾക്കും കോഴ്സുകൾക്കും അഫിലിയേഷൻ നൽകുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്യുക;

(v ബി) നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന പ്രോഗ്രാമുകൾക്കും കോഴ്സുകൾക്കും എ.ഐ.സി.ടി.ഇ. അല്ലെങ്കിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്നും അംഗീകാരം ലഭിക്കുന്നതിനുള്ള നിരാക്ഷേപപത്രം നൽകുക;”.

(ഡി) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "വിദ്യാഭ്യാസത്തിന്റെ" എന്ന വാക്കിനുപകരം "ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ഇ) 13-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ii)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ii) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;".

(എഫ്) 15-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) വൈസ്-ചാൻസലർ ശിപാർശ ചെയ്യുന്ന, എഞ്ചിനീയറിംഗ് സാങ്കേതികശാസ്ത്ര രംഗത്ത് പ്രവർത്തിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന യോഗ്യതകൾ ഉള്ളതുമായ ഒരാളെ പ്രോ-വൈസ്-ചാൻസലറായി സിൻഡിക്കേറ്റ് നിയമിക്കേണ്ടതും അദ്ദേഹം സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതുമാണ്.";

(ii) (4)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾ പ്രകാരവും മറ്റു സേവനവ്യവസ്ഥകൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരവുമായിരിക്കുന്നതാണ്." ;

(iii) (5)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്കു വിധേയമായി പ്രോ-വൈസ്-ചാൻസലറുടെ അധികാരങ്ങളും കടമകളും കർത്തവ്യങ്ങളും വൈസ്-ചാൻസലർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതും പ്രോ-വൈസ്-ചാൻസലർ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള കടമകളും കർത്തവ്യങ്ങളും നിർവ്വഹിക്കേണ്ടതുമാണ്.".

(ജി) 16-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന ഒരാളെ സർക്കാർ അനുമതിയോടുകൂടി" എന്നീ വാക്കുകൾക്കുപകരം "സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന മൂന്ന് പേരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാളെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(എച്ച്) 17-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന ഒരാളെ" എന്നീ വാക്കുകൾക്കുപകരം "സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന മൂന്ന് പേരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാളെ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ഐ) 22-ാം വകുപ്പിൽ (i)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(i എ) അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ;".

(ജെ) 23-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) "എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (xv)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(xvi) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്- ചെയർമാൻ.";

(ii) "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (ii)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(iii) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ നിന്നും ഒൻപത് അദ്ധ്യാപക പ്രതിനിധികൾ, അവരിൽ മൂന്നു പേർ സർക്കാർ കോളേജുകളിൽനിന്നും രണ്ടു പേർ എയ്ഡഡ് കോളേജുകളിൽ നിന്നും രണ്ടു പേർ സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽ നിന്നും രണ്ടു പേർ അൺ എയ്ഡഡ് കോളേജുകളിൽ നിന്നും ആയിരിക്കേണ്ടതാണ്. സർക്കാർ കോളേജുകളിൽ നിന്നും ഉള്ളവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.";

(iii) "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (vii)-ാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(viii) ശാസ്ത്രം, വ്യവസായം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് അംഗങ്ങൾ, അവരിലൊരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോപ്പെട്ടയാളും ആയിരിക്കേണ്ടതാണ്.";

(iv) "മറ്റ് അംഗങ്ങൾ" എന്ന ശീർഷകവും അതിൻ കീഴിലുള്ള ഇനങ്ങളും വിട്ടുകളയേണ്ടതാണ്.

(കെ) 26-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"26 എ. <u>അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി</u>.—(1) താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) പ്രോ-ചാൻസലർ - ചെയർമാൻ;

(ബി) വൈസ്-ചാൻസലർ - അംഗം;

(സി) പ്രോ-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന നിയമംമൂലം സ്ഥാപിതമായ മറ്റ് സർവ്വകലാശാലകളിലെ വൈസ്-ചാൻസലർമാർ - അംഗം;

(ഡി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള - ഗവൺമെന്റ് സെക്രട്ടറി.

(2) ചെയർമാൻ തീരുമാനിക്കുന്ന പ്രകാരം അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി യോഗം ചേരേണ്ടതാണ്.

(3) സർക്കാരിനെയും സർവ്വകലാശാലയെയും പരസ്പരം ബാധിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച്, സർക്കാർ തലത്തിൽ പരിഹരിക്കേണ്ട കാര്യങ്ങൾ അന്തർ സർവ്വകലാശാല കൂടിയാലോചനാ സമിതി പരിഗണിക്കേണ്ടതാണ്.”.

(എൽ) 27-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളിൽ നിന്നും ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം" എന്നീ വാക്കുകൾക്കുപകരം “ 23-ാം വകുപ്പിലെ, "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ, (viii)-ാം ഇനത്തിൽ പറഞ്ഞിരിക്കുന്ന അംഗങ്ങൾ.” എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

(എം) 28-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "സിൻഡിക്കേറ്റിന്റെ ഒരു യോഗത്തിന്റെ ക്വാറം അഞ്ച് ആയിരിക്കുന്നതാണ്" എന്നീ വാക്കുകൾക്കുപകരം "സിൻഡിക്കേറ്റിന്റെ ഒരു യോഗത്തിന്റെ ക്വാറം അതിലെ ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ രണ്ടിലൊന്നായിരിക്കുന്നതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(എൻ) 35-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"35. <u>ഗവേഷണ കൗൺസിലിന്റെ രൂപീകരണം</u>.—(1) താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(i) വൈസ് - ചാൻസലർ -ചെയർമാൻ ;

(ii) പ്രോ-വൈസ്-ചാൻസലർ ;

(iii) വൈസ്-ചെയർമാൻ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ -എക്സ് -ഒഫിഷ്യോ അംഗം;

(iv) ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചെന്നൈ - എക്സ് -ഒഫിഷ്യോ അംഗം ;

(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്ഥാന നിയമംമൂലം സ്ഥാപിതമായ ഒരു സർവ്വകലാശാലയിലെ വൈസ്-ചാൻസലർ-എക്സ് -ഒഫിഷ്യോ അംഗം;

(vi) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ - എക്സ് -ഒഫിഷ്യോ അംഗം;

(vii) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിൽ നിന്നും പി.എച്ച്.ഡി.യും കുറഞ്ഞത് പത്തുവർഷത്തെ അദ്ധ്യാപന പരിചയവുമുള്ള ആറ് അദ്ധ്യാപകർ;

(viii) സർവ്വകലാശാലയിലെയോ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെയോ ഗവേഷണ വിദ്യാർത്ഥികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് വിദ്യാർത്ഥി പ്രതിനിധികൾ, അവരിലൊരാൾ വനിത ആയിരിക്കേണ്ടതാണ്;

(ix) ദേശീയതലത്തിലുള്ള ഗവേഷണ സ്ഥാപനങ്ങളിൽ നിന്നോ അക്കാദമിക സ്ഥാപനങ്ങളിൽ നിന്നോ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് ശ്രേഷ്ഠരായ വ്യക്തികൾ;

(x) ഡീൻ (ഗവേഷണം) - മെമ്പർ സെക്രട്ടറി.

(2) ഗവേഷണ കൗൺസിൽ, വൈസ്-ചാൻസലർ തീരുമാനിക്കുന്ന അങ്ങനെയുള്ള സമയങ്ങളിൽ യോഗം ചേരേണ്ടതാണ് :

എന്നാൽ, ഏറ്റവും കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

(3) ഗവേഷണ കൗൺസിലിന്റെ യോഗത്തിന്റെ ക്വാറം അതിന്റെ മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നായിരിക്കുന്നതാണ്. വൈസ്-ചാൻസലറുടെ നിർദ്ദേശ പ്രകാരം ഗവേഷണ കൗൺസിലിന്റെ യോഗം ഡീൻ (ഗവേഷണം) വിളിച്ചുചേർക്കേണ്ടതാണ്.

(4) ഗവേഷണ കൗൺസിലിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക കാലാവധി തുടർച്ചയായ രണ്ട് അദ്ധ്യയന വർഷങ്ങൾ ആയിരിക്കുന്നതും രണ്ടാമത്തെ അദ്ധ്യയന വർഷത്തിന്റെ അവസാനം കാലാവധി തീരുന്നതുമാണ്. ഗവേഷണ കൗൺസിലിലെ മറ്റ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി സർവ്വകലാശാലയിലോ സർവ്വകലാശാലയുടെ അങ്ങനെയുള്ള അധികാരസ്ഥാനത്തോ അവർ വഹിക്കുന്ന ഔദ്യോഗിക സ്ഥാനത്തോടൊപ്പം അവസാനിക്കുന്നതാണ്.".

(ഒ) 39-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"39.അപ്പലേറ്റ് ട്രൈബ്യൂണൽ.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേയ്ക്കായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, 1974-ലെ കേരള സർവ്വകലാശാല ആക്റ്റിലെ (1974-ലെ 17) 65-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് ട്രൈബ്യൂണൽ ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതൊരു കാര്യത്തിന്മേലുമുള്ള തർക്കം തീർപ്പാക്കുന്നതിനുള്ള അപ്പലേറ്റ് ട്രൈബ്യൂണലായി പ്രവർത്തിക്കേണ്ടതാണ്.".

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2021-ലെ 94), 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ഓർഡിനൻസ് (2021-ലെ 100) എന്നിവ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസുകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) പ്രകാരം യഥാക്രമം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2018-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (മിനിമം ക്വാളിഫിക്കേഷൻസ് ഫോർ അപ്പോയിന്റ്മെന്റ് ഓഫ് ടീച്ചേഴ്സ് ആന്റ് അദർ അക്കാഡമിക് സ്റ്റാഫ് ഇൻ യൂണിവേഴ്സിറ്റീസ് ആന്റ് കോളേജസ് ആന്റ് അദർ മെഷേഴ്സ് ഫോർ ദി മെയിന്റനൻസ് ഓഫ് സ്റ്റാൻഡേർഡ്സ് ഇൻ ഹയർ എഡ്യൂക്കേഷൻ) റെഗുലേഷനെത്തുടർന്ന് 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) ചില ഭേദഗതികൾ അനിവാര്യമായി. ആയതിനാൽ, സർക്കാർ പ്രസ്തുത ആക്റ്റിലെ 2, 5, 8, 11, 13, 15, 16, 17, 23, 27, 28, 35 എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേല്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2021-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2021 ഫെബ്രുവരി 19-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ഫെബ്രുവരി 20-ാം തീയതിയിലെ 863-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 39-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച പതിനഞ്ചാമത് കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 2-ാം തീയതിയിലെ 1917-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 50-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 24-ാം തീയതിയിലെ 2455-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 94-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. കൂടാതെ, സർവ്വകലാശാല നിയമങ്ങൾ, 2018-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (കൺഫർമെന്റ് ഓഫ് ഓട്ടോണോമസ് സ്റ്റാറ്റസ് അപോൺ കോളേജസ് ആന്റ് മെഷേഴ്സ് ഫോർ മെയിന്റനൻസ് ഓഫ് സ്റ്റാൻഡേഡ്സ് ഇൻ ഓട്ടോണോമസ് കോളേജസ്) റെഗുലേഷൻസിന് അനുസൃതമാക്കുന്നതിനും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശയിന്മേലും 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിന്റെ 3, 16, 22, 30 എന്നീ വകുപ്പുകളിലും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിന്റെ 2, 8, 15, 23 എന്നീ വകുപ്പുകളിലും 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിന്റെ 2, 22, 26, 39 എന്നീ വകുപ്പുകളിലും ചില ഭേദഗതികൾ അനിവാര്യമായി.

8. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേല്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ഓർഡിനൻസ്, 2021 ഫെബ്രുവരി 26-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 മാർച്ച് 2-ാം തീയതിയിലെ 1031-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 49-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച പതിനഞ്ചാമത് കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

10. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ഓർഡിനൻസ്, 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ജൂലൈ 2-ാം തീയതിയിലെ 1926-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 70-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

11. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ, 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുവാനും പാസ്സാക്കുവാനും കഴിഞ്ഞിരുന്നില്ല.

12. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (3-ാം നമ്പർ) ഓർഡിനൻസ്, 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021 ആഗസ്റ്റ് 24-ാം തീയതിയിലെ 2452-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2021-ലെ 100-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

13. 2021-ലെ 94-ാം നമ്പർ ഓർഡിനൻസ്, 2021-ലെ 100-ാം നമ്പർ ഓർഡിനൻസ് എന്നിവയ്ക്ക് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡം (ജെ) ഉപഖണ്ഡം പ്രകാരം 2015-ലെ എ.പി.ജെ.അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 23-ാം വകുപ്പ്, സർവ്വകലാശാലയുടെ ബോർഡ് ഓഫ് ഗവർണേഴ്സിൽ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാനെ എക്സ്- ഒഫിഷ്യോ അംഗമായും

സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത കോളേജുകളിൽ നിന്നുള്ള ഒൻപത് അദ്ധ്യാപക പ്രതിനിധികളെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായും ശാസ്ത്രം, വ്യവസായം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് പേരെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളായും ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുന്നു. അവരുടെ ഓണറേറിയം, യാത്രാബത്ത എന്നിവയ്ക്കായി, ഏകദേശം മൂന്ന് ലക്ഷത്തി എൺപത്തി നാലായിരം രൂപയുടെ ആവർത്തക ചെലവ് കണക്കാക്കുന്നു.

2. കൂടാതെ, ബില്ലിലെ 4-ാം ഖണ്ഡം (എൻ) ഉപഖണ്ഡം മുഖേന പകരം ചേർക്കാനുദ്ദേശിക്കുന്ന ആക്റ്റിലെ 35-ാം വകുപ്പ്, ഗവേഷണ കൗൺസിലിൽ, ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചെന്നൈ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാന നിയമംമൂലം സ്ഥാപിതമായ ഒരു സർവ്വകലാശാലയിലെ വൈസ്-ചാൻസലർ എന്നിവരെ എക്സ്-ഒഫിഷ്യോ അംഗങ്ങളായും വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന, അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിൽ നിന്നും പി.എച്ച്.ഡി.യും കുറഞ്ഞത് പത്തു വർഷത്തെ അദ്ധ്യാപന പരിചയവുമുള്ള ആറ് അദ്ധ്യാപകരെയും സർവ്വകലാശാലയിലെയോ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെയോ ഗവേഷണ വിദ്യാർത്ഥികളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് വിദ്യാർത്ഥി പ്രതിനിധികളെയും ദേശീയതലത്തിലുള്ള ഗവേഷണ സ്ഥാപനങ്ങളിൽനിന്നോ അക്കാദമിക സ്ഥാപനങ്ങളിൽനിന്നോ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് ശ്രേഷ്ഠരായ വ്യക്തികളെയും അംഗങ്ങളായി ഉൾപ്പെടുത്തുന്നതിനും വ്യവസ്ഥ ചെയ്യുന്നു. അവരുടെ ഓണറേറിയം, യാത്രാബത്ത എന്നിവയ്ക്കായി ഏകദേശം പതിനഞ്ച് ലക്ഷത്തി ഇരുപതിനായിരം രൂപയുടെ ആവർത്തക ചെലവ് കണക്കാക്കുന്നു.

3. ഇപ്രകാരം സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 19,04,000 (പത്തൊൻപത് ലക്ഷത്തി നാലായിരം) രൂപയുടെ വാർഷിക സാമ്പത്തിക ചെലവ് പ്രതീക്ഷിക്കുന്നു.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡം (എഫ്) ഉപഖണ്ഡം (i)-ാം ഇനം പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17) പകരം ചേർക്കാനുദ്ദേശിക്കുന്ന 15-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രോ-വൈസ്-ചാൻസലറുടെ യോഗ്യതകൾ സ്റ്റാറ്റ്യൂട്ടുകൾ വഴി നിർണ്ണയിക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 4-ാം ഖണ്ഡം (എഫ്) ഉപഖണ്ഡം (ii)-ാം ഇനം പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന 15-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രോ-വൈസ്-ചാൻസലറുടെ മറ്റ് സേവന വ്യവസ്ഥകൾ സ്റ്റാറ്റ്യൂട്ടുകൾ വഴി നിർണ്ണയിക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 4-ാം ഖണ്ഡം (ജെ) ഉപഖണ്ഡം (ii)-ാം ഇനം പ്രകാരം 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 23-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിൻ കീഴിൽ (iii)-ാം ഇനം സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നിന്നുള്ള പ്രതിനിധികളെ നിയമിക്കുന്ന രീതി സ്റ്റാറ്റ്യൂട്ടുകൾ വഴി നിർണ്ണയിക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

4. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ, സ്റ്റാറ്റ്യൂട്ടുകൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. ആയതിനാൽ ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. ആർ. ബിന്ദു.

# 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1986-ലെ 31)

** ** ** **

3. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

** ** ** **

(10) "ഹോസ്റ്റൽ" എന്നാൽ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഒരു താമസസ്ഥലം എന്നർത്ഥമാകുന്നു;

** ** ** **

16. സർവ്വകലാശാലയുടെ അധികാര സ്ഥാനങ്ങൾ.—താഴെപ്പറയുന്നവ സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളായിരിക്കുന്നതാണ്, അതായത്:—

(i) സിൻഡിക്കേറ്റ്,

(ii) സെനറ്റ്,

(iii) അക്കാഡമിക് കൗൺസിൽ,

(iv) ഫാക്കൽറ്റികൾ,

(v) പഠന ബോർഡുകൾ,

(vi) പ്ലാനിംഗ് കമ്മിറ്റി,

(vii) ഫൈനാൻസ് കമ്മിറ്റി,

(viii) സർവ്വകലാശാലയുടെ അധികാര സ്ഥാനങ്ങളായി സ്റ്റാറ്റ്യൂട്ടുകളാൽ പ്രഖ്യാപിക്കപ്പെടാവുന്ന സർവ്വകലാശാലയുടെ മറ്റു ബോർഡുകൾ അല്ലെങ്കിൽ സമിതികൾ.

** ** ** **

22. സെനറ്റിന്റെ യോഗങ്ങൾ.—(1) സെനറ്റ് നാലുമാസത്തിലൊരിക്കലെങ്കിലും വൈസ്-ചാൻസലർ നിശ്ചയിക്കുന്ന തീയതികളിൽ യോഗം ചേരേണ്ടതാണ്.

(2) സെനറ്റ് യോഗത്തിന്റെ കോറം സെനറ്റിലെ ഇരുപതംഗങ്ങളായിരിക്കുന്നതാണ്.

** ** ** **

30. <u>സർവ്വകലാശാല അപ്പലേറ്റ് ട്രൈബ്യൂണൽ</u>.—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാർ ഒരു സർവ്വകലാശാല അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാപിക്കേണ്ടതാണ്.

(2) അപ്പലേറ്റ് ട്രൈബ്യൂണലിൽ ഹൈക്കോടതിയുമായി ആലോചിച്ച് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡിസ്ട്രിക്റ്റ് ജഡ്ജിയുടെ പദവിക്ക് താഴെയല്ലാത്ത ഒരു ജൂഡീഷ്യൽ ഓഫീസർ ഉണ്ടായിരിക്കേണ്ടതാണ്.

(3) അപ്പലേറ്റ് ട്രൈബ്യൂണലിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി, അതിന്റെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച് റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

(4) അങ്ങനെ ഉണ്ടാക്കിയ റഗുലേഷനുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(5) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കുവിധേയമായി, അപ്പലേറ്റ് ട്രൈബ്യൂണലിന്റെ അധികാരപരിധിയും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്നതാണ്.

** ** ** **

## 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (2013-ലെ 24)

** ** ** **

2. <u>നിർവ്വചനങ്ങൾ</u>.—ഈ നിയമത്തിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

** ** ** **

(ജെ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

** ** ** **

8. <u>സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ</u>.—ഇനി പറയുന്നവ സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ ആയിരിക്കുന്നതാണ്, അതായത്:—

(i) പൊതുസഭ ;

(ii) നിർവ്വാഹക സമിതി;

(iii) പണ്ഡിത സഭ;

(iv) ഗവേഷണ സഭ ;

(v) ഫാക്കൽറ്റി ഉപദേശക സമിതികൾ ;

(vi) ഫാക്കൽറ്റികൾ ;

(vii) പഠന ബോർഡുകൾ ;

(viii) സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ ആയിരിക്കുമെന്ന് സ്റ്റാറ്റ്യൂട്ടുകളാൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്ഥാപനങ്ങൾ.

** ** ** **

15. <u>നിർവ്വാഹകസമിതിയുടെ അധികാരങ്ങൾ</u>.—(1) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്കു വിധേയമായി സർവ്വകലാശാലയുടെ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളുടെയും പൊതുവായ മേൽനോട്ടവും നിയന്ത്രണവും ഉൾപ്പെടെ സർവ്വകലാശാലയുടെ നിർവ്വഹണാധികാരം നിർവ്വാഹകസമിതിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

** ** ** **

23. <u>പഠന ബോർഡുകൾ</u>.—(1) ഒരു ഫാക്കൽറ്റിയുടെ കീഴിലുള്ള ഓരോ സ്കൂളിനും ഒരു പഠന ബോർഡ് ഉണ്ടായിരിക്കേണ്ടതും, തുടങ്ങുന്ന ഓരോ പഠന കോഴ്സിനും വേണ്ട വിശദമായ പാഠ്യപദ്ധതി അത് ഉണ്ടാക്കേണ്ടതുമാണ്.

** ** ** **

# 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (2015-ലെ 17)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(ഐ) "പഠനശാഖ" എന്നാൽ എഞ്ചിനീയറിംഗ് ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നിവയിൽ സർവ്വകലാശാല അങ്ങനെ പ്രഖ്യാപിച്ചിട്ടുള്ളതും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാലയുടെ ഒരു ബിരുദം, ബിരുദാനന്തരബിരുദം, ഡിപ്ലോമ, സർട്ടിഫിക്കറ്റ് അല്ലെങ്കിൽ അങ്ങനെയുള്ള മറ്റ് പദവികളും ബഹുമതികളും നൽകുന്നതിലേക്ക് നയിക്കുന്നതുമായ ഒരു പ്രത്യേക പഠന കോഴ്സ് എന്നർത്ഥമാകുന്നു;

** ** ** **

(പി) " എഞ്ചിനീയറിംഗ് കോഴ്സ്" എന്നാൽ അണ്ടർ ഗ്രാജ്വേറ്റ്, ഗ്രാജ്വേറ്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് അല്ലെങ്കിൽ ഗവേഷണതലങ്ങളിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് നടത്തുന്ന ഒരു പഠന കോഴ്സ് എന്നർത്ഥമാകുന്നു;

** ** ** **

(വി) "ഹോസ്റ്റൽ" എന്നാൽ ഈ ആക്റ്റിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാല നടത്തുന്നതോ അംഗീകരിച്ചതോ ആയ സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെ താമസത്തിനുള്ള ഒരു യൂണിറ്റ് എന്നർത്ഥമാകുന്നു ;

** ** ** **

(ഇസഡ് ക്യൂ) " സർവ്വകലാശാല നിധി" എന്നാൽ 50-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട സാങ്കേതികശാസ്ത്ര സർവ്വകലാശാലാ നിധി എന്നർത്ഥമാകുന്നു;

** ** ** **

5. സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ.—സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ താഴെ പറയും പ്രകാരം ആയിരിക്കുന്നതാണ്, അതായത്:—

** ** ** **

(ജി) എഞ്ചിനീയറിംഗ് ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിലെ അന്തർവിജ്ഞാനശാഖാ വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക;

** ** ** **

(പി) അനുയോജ്യമായ വ്യാപന പ്രവർത്തനങ്ങളിലൂടെ സാമൂഹിക വികസന പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്തുക.

** ** ** **

8. <u>സർവ്വകലാശാലയുടെ അധികാരങ്ങളും ചുമതലകളും</u>.—സർവ്വകലാശാലയ്ക്ക് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

** ** ** **

(v) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകൾക്കോ സ്ഥാപനങ്ങൾക്കോ അല്ലെങ്കിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ ഒരു വകുപ്പിനോ, അല്ലെങ്കിൽ സർവ്വകലാശാല നടത്തുന്ന ഒരു വകുപ്പിനോ അക്കാദമിക സ്വയംഭരണാധികാരം നൽകുക;

** ** ** **

11. <u>പ്രോ-ചാൻസലർ</u>.—(1) സംസ്ഥാനത്തെ വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള മന്ത്രി അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

** ** ** **

13. <u>വൈസ്-ചാൻസലർ</u>.—(1) ** **

(2) പ്രഥമ വൈസ്-ചാൻസലറെ സർക്കാരിന്റെ ശിപാർശയിൻമേൽ ചാൻസലർ നിയമിക്കേണ്ടതും അതിനുശേഷം വൈസ്-ചാൻസലറെ താഴെ പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു അന്വേഷണ സമിതി ശിപാർശ ചെയ്യുന്ന പാനലിലെ പേരുകളിൽനിന്നും ചാൻസലർ നിയമിക്കേണ്ടതുമാണ്, അതായത് :—

** ** ** **

(ii) എ.ഐ.സി.റ്റി.ഇ. നാമനിർദ്ദേശം ചെയ്ത ഒരംഗം ;

** ** ** **

15. <u>പ്രോ-വൈസ്-ചാൻസലറുടെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും.</u>—(1) സർക്കാർ ശിപാർശ ചെയ്യുന്ന, എഞ്ചിനീയറിംഗ്, സാങ്കേതിക ശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കുന്ന യോഗ്യതകൾ ഉള്ളതുമായ ഒരാളെ പ്രോ-വൈസ്-ചാൻസലറായി ചാൻസലർ നിയമിക്കേണ്ടതും അദ്ദേഹം സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതുമാണ്.

** ** ** **

(4) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റു സേവന വ്യവസ്ഥകളും ചാൻസലർ തീരുമാനിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്.

(5) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കു വിധേയമായി പ്രോ-വൈസ്-ചാൻസലറുടെ അധികാരങ്ങളും കർത്തവ്യങ്ങളും വൈസ്-ചാൻസലറുമായി കൂടിയാലോചിച്ച് ചാൻസലർ തീരുമാനിക്കേണ്ടതും അങ്ങനെയുള്ള അധികാരങ്ങൾ യഥാസമയം പ്രോ-വൈസ്-ചാൻസലർ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

16. <u>രജിസ്ട്രാറുടെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും.</u>—(1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വൈസ്-ചാൻസലർ കൺവീനറായി സിൻഡിക്കേറ്റ് നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന ഒരാളെ സർക്കാർ അനുമതിയോടുകൂടി രജിസ്ട്രാറായി സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്. പ്രഥമ രജിസ്ട്രാറെ സർക്കാർ നിയമിക്കേണ്ടതാണ്.

** ** ** **

17. <u>ഫൈനാൻസ് ഓഫീസറുടെ നിയമനം.</u>—(1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വൈസ്-ചാൻസലർ കൺവീനറായി, സിൻഡിക്കേറ്റ് നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന ഒരാളെ ഫൈനാൻസ് ഓഫീസറായി സിൻഡിക്കേറ്റ് നിയമിക്കേണ്ടതും അദ്ദേഹം ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും വൈസ്-ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതുമാണ്. പ്രഥമ ഫൈനാൻസ് ഓഫീസറെ സർക്കാർ നിയമിക്കേണ്ടതാണ്. ഫൈനാൻസ് ഓഫീസറുടെ സേവന കാലാവധി ഇത് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ചായിരിക്കുന്നതാണ്. ഫൈനാൻസ് ഓഫീസറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തിപരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്.

** ** ** **

22. <u>സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ</u>.—താഴെപ്പറയുന്നവ സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ ആയിരിക്കുന്നതാണ്, അതായത്:—

(i) ബോർഡ് ഓഫ് ഗവർണേഴ്സ് ;

(ii) സിൻഡിക്കേറ്റ് ;

(iii) അക്കാദമിക കൗൺസിൽ ;

(iv) ഗവേഷണ കൗൺസിൽ ;

(v) ബോർഡ് ഓഫ് സ്റ്റഡീസ് ;

(vi) ധനകാര്യ സമിതി ;

(vii) ആസൂത്രണ സമിതി ;

(viii) സ്റ്റുഡൻസ് കൗൺസിൽ, കൂടാതെ

സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളായിരിക്കുമെന്ന് സ്റ്റാറ്റ്യൂട്ടുകളാൽ സ്ഥാനനിർദ്ദേശിക്കപ്പെടാവുന്ന, സർവ്വകലാശാലയുടെ അങ്ങനെയുള്ള മറ്റ് നികായങ്ങൾ.

23. <u>ബോർഡ് ഓഫ് ഗവർണേഴ്സ്</u>.—(1) ബോർഡ് ഓഫ് ഗവർണേഴ്സിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

<u>എക്സ്-ഒഫിഷ്യോ അംഗങ്ങൾ</u>

** ** ** **

(xv) സർവ്വകലാശാലാ വിദ്യാർത്ഥി യൂണിയൻ ചെയർമാൻ.

** ** ** **

<u>തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ</u>

** ** ** **

(ii) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കിടയിൽ നിന്നും അവർ തെരഞ്ഞെടുക്കുന്ന ആറ് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ മൂന്നുപേർ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ഒരാൾ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ആയിരിക്കേണ്ടതാണ്; പ്രസ്തുത അംഗങ്ങളിൽ ഒരാൾ ബിരുദാനന്തരബിരുദ വിദ്യാർത്ഥിയും ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോപ്പെട്ട വിദ്യാർത്ഥിയും ആയിരിക്കേണ്ടതാണ്.

<u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>

** ** ** **

(vii) അനദ്ധ്യാപക ജീവനക്കാരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം.

<u>മറ്റ് അംഗങ്ങൾ</u>

****

(ii) സ്റ്റാർട്ട്-അപ് വില്ലേജിന്റെ ചെയർമാൻ;

(iii) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ.

** ** ** **

26. <u>ബോർഡ് ഓഫ് ഗവർണേഴ്സിന്റെ യോഗങ്ങൾ</u>.— ** **

** ** ** **

27. <u>സിൻഡിക്കേറ്റ്</u>.—(1) സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ നിർവ്വാഹക നികായം ആയിരിക്കുന്നതും, അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്, അതായത്:—

** ** ** **

<u>മറ്റ് അംഗങ്ങൾ</u>

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളിൽ നിന്നും ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം.

** ** ** **

28. <u>സിൻഡിക്കേറ്റിന്റെ യോഗങ്ങൾ</u>.—(1) സിൻഡിക്കേറ്റ്, വൈസ്-ചാൻസലർ നിശ്ചയിച്ച പ്രകാരം ഇടയ്ക്കിടെ യോഗം ചേരേണ്ടതും എന്നാൽ, കുറഞ്ഞത് രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ നിശ്ചയിക്കുന്നപ്രകാരമുള്ള തീയതികളിൽ യോഗം ചേരേണ്ടതുമാണ്. സിൻഡിക്കേറ്റിന്റെ ഒരു യോഗത്തിന്റെ ക്വാറം അഞ്ച് ആയിരിക്കുന്നതാണ്.

** ** ** **

35. <u>ഗവേഷണ കൗൺസിലിന്റെ രൂപീകരണം</u>.—താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണ്:

(i) വൈസ്-ചാൻസലർ (ചെയർമാൻ);

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി, അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(iv) വൈസ്-ചെയർമാൻ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ, കേരള സർക്കാർ (എക്സ്-ഒഫീഷ്യോ അംഗം);

(v) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മദ്രാസ് (എക്സ്-ഒഫീഷ്യോ അംഗം);

(vi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരളത്തിലെ ഒരു സർവ്വകലാശാലയിലെ വൈസ്-ചാൻസലർ (എക്സ്-ഒഫീഷ്യോ അംഗം);

(vii) ഡയറക്ടർ, വിക്രം സാരാഭായി സ്പേസ് സെന്റർ, തിരുവനന്തപുരം (എക്സ്-ഒഫീഷ്യോ അംഗം);

(viii) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് ടെക്നോളജി, തിരുവനന്തപുരം (എക്സ്-ഒഫീഷ്യോ അംഗം);

(ix) ഡയറക്ടർ, നേവൽ ഫിസിക്കൽ ആന്റ് ഓഷ്യാനോഗ്രാഫിക് ലബോറട്ടറി, കൊച്ചി (എക്സ്-ഒഫീഷ്യോ അംഗം);

(x) ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോട് (എക്സ്-ഒഫീഷ്യോ അംഗം);

(xi) ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച്, തിരുവനന്തപുരം (എക്സ്-ഒഫീഷ്യോ അംഗം);

(xii) വൈസ്-ചെയർമാൻ, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റ്, തിരുവനന്തപുരം (എക്സ്-ഒഫീഷ്യോ അംഗം);

(xiii) സെക്രട്ടറി, ശാസ്ത്ര സാങ്കേതിക ശാസ്ത്ര വകുപ്പ്, ഭാരത സർക്കാർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ആൾ (എക്സ്-ഒഫീഷ്യോ അംഗം);

(xiv) ഡയറക്ടർ ജനറൽ, കൗൺസിൽ ഫോർ സയന്റിഫിക്ക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച്, ന്യൂഡൽഹി (എക്സ്-ഒഫീഷ്യോ അംഗം);

(xv) ധനകാര്യ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി, അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(xvi) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, കേരള സർക്കാർ (എക്സ്-ഒഫീഷ്യോ അംഗം);

(xvii) ഡീൻ (ഗവേഷണം), (മെമ്പർ സെക്രട്ടറി);

(xviii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, പി.എച്ച്.ഡി.-യും പത്ത് വർഷത്തെ അദ്ധ്യാപന പരിചയവുമുള്ള മൂന്ന് അദ്ധ്യാപക പ്രതിനിധികൾ ;

(xix) സർവ്വകലാശാലയിലെയോ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെയോ ഗവേഷണ വിദ്യാർത്ഥികളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് വിദ്യാർത്ഥി പ്രതിനിധികൾ, അവരിൽ ഒരാൾ വിദ്യാർത്ഥിനിയായിരിക്കേണ്ടതാണ്.

** ** ** **

39. <u>അപ്പലേറ്റ് ട്രൈബ്യൂണൽ</u>.—(1) ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി സർക്കാർ ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളിന്മേൽ സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും അപ്പലേറ്റ് ട്രൈബ്യൂണലിനെ സമീപിക്കാവുന്നതാണ്.

(3) ഹൈക്കോടതിയുമായി ആലോചിച്ച്, ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ജില്ലാ ജഡ്ജിയുടെ പദവിയിൽ താഴെ അല്ലാത്ത ഒരു ജുഡീഷ്യൽ ഓഫീസർ അപ്പലേറ്റ് അതോറിറ്റി ആയിരിക്കേണ്ടതാണ്.

(4) അപ്പലേറ്റ് അതോറിറ്റിയുടെ കാലാവധി, അധികാരപരിധി, കർത്തവ്യങ്ങൾ, സേവന-വേതന വ്യവസ്ഥകൾ എന്നിവ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.

** ** ** **